**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1741** **04-02-2026 - ൽ മറുപടിയ്ക്ക്**

**കേരള അഗ്രോ ബിസിനസ് കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ദേശീയ-അന്തർദേശീയ വിപണി കണ്ടെത്തുന്നതിനായി രൂപീകരിച്ച കേരള അഗ്രോ ബിസിനസ് കമ്പനിയുടെ (കാബ്കോ) പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; കമ്പനിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നേടുന്നതിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. ഒരു പൊതു സ്വകാര്യ മോഡൽ കമ്പനിയായിട്ടാണ് (Public Private Partnership ) കാബ്കോയുടെ പ്രവർത്തനം ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനായി 33 ശതമാനം ഓഹരി സർക്കാരിൽ നിന്നും 67 ശതമാനം ഓഹരി കർഷകർ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ധനകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും സ്വരൂപിച്ചാണ് പ്രവർത്തനം ആരംഭിക്കുവാൻ ലക്ഷ്യമിട്ടിരുന്നത്. കമ്പനിയ്ക്കുള്ള ഓഹരി മൂലധനം ലഭ്യമാക്കുന്ന മുറയ്ക്ക് കമ്പനി പൂർണ തോതിൽ പ്രവർത്തന സജ്ജമാകുന്നതാണ്. |
| (ബി) | കമ്പനിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി ആരംഭിക്കുന്ന എക്സ്പോ & അഗ്രി പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; മറ്റെന്തെല്ലാം നിർമ്മാണപ്രവർത്തനങ്ങളാണ് കമ്പനിയുടെ ഭാഗമായി നടന്നുവരുന്നത്; കാർഷിക വിപണനത്തിന് ഇത് എത്രത്തോളം ഉപകാരപ്രദമാണ്; വിശദമാക്കാമോ? | (ബി) | ആനയറ കാർഷിക വിപണിയിൽ നിർമ്മിക്കുന്ന എക്സ്പോ സെന്ററിന്റെ പൈലിങ് ജോലികൾ പൂർത്തിയായിട്ടുണ്ട്. തറ നികത്തി ഫൗണ്ടേഷൻ ജോലികളും പൂർത്തിയായി. മേൽക്കൂര നിർമ്മാണവുമായി ബന്ധപ്പെട്ട തൂണുകൾ സ്ഥാപിച്ചുകഴിഞ്ഞു. ട്രസ്സ് ജോലികൾ വേഗത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മാർച്ച് 2026 ൽ പൂർണ്ണമായും സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>എക്സ്പോ സെന്ററും അഗ്രിപാർക്കുകളും സജ്ജീകരിക്കുന്നതിലൂടെ കേരളത്തിലെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ദേശീയവും അന്തർദേശീയവുമായ വിപണികളിൽ എത്തിക്കാനും കയറ്റുമതിയിൽ പങ്കെടുക്കാനും അവസരം ലഭിക്കുമെന്നും ഇടനിലക്കാരെ ഒഴിവാക്കി കർഷകരെയും സംരംഭകരെയും നേരിട്ട് ബന്ധിപ്പിക്കുന്നതിനാൽ ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കാൻ സാധിക്കുമെന്നും മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കപ്പെടുകയും, കേരളത്തിന്റെ |

| | | | |
|---|---|---|---|
| | | | കാർഷികോത്പന്നങ്ങൾക്ക് അവയുടെ ഗുണമേന്മയെ അടിസ്ഥാനമാക്കി പൊതുവായ ബ്രാൻഡിംഗ് നൽകപ്പെടുകയും ചെയ്യുമെന്നും പ്രതീക്ഷിക്കുന്നു. ഇതിലൂടെ കർഷകർക്ക് അവരുടെ മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുവാനും, കാർഷിക വിപണിക്ക് സ്ഥിരമായ വളർച്ചയും പ്രയോജനവും ഉറപ്പാക്കുവാനും ലക്ഷ്യമിടുന്നു. കാർഷിക സർവ്വകലാശാലയുടെ കേന്ദ്രങ്ങളിൽ സമാനമായ എക്സ്പോ സെന്ററുകൾ രൂപീകരിക്കാൻ കരാർ ആയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ